# കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ
# 16-ാമത് ജനറൽ ബോഡിയോഗം
# സമാപന സമ്മേളനം

## 2010 ജൂലൈ 11 ഞായർ 2.30

## ആനിമസ്ക്രീൻ നഗർ (സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ ആഡിറ്റോറിയം)

കേരള ലത്തീൻ കത്തോലിക്ക സമുദായത്തിന്റെ ഏകോപന സമിതിയാണ് കേരള റീജ്യൻ ലാറ്റിൻ കത്തോലിക്ക് കൗൺസിൽ. 2002 മേയ് മാസമാണ് ഈ സമിതി രൂപം കൊണ്ടത്. കേരളത്തിലെ 11 ലത്തീൻ രൂപതകളിലായി 20 ലക്ഷത്തോളം ലത്തീൻ കത്തോലിക്കരാണുള്ളത്. സാമൂഹ്യ- സാമ്പത്തിക മേഖലകളിലെ പിന്നോക്കാവസ്ഥയും പരമ്പരാഗത തൊഴിൽ മേഖലകളിൽ ഉണ്ടായിട്ടുള്ള തകർച്ചയും സമുദായാംഗങ്ങളുടെ വിവിധ തലങ്ങളിലുള്ള വളർച്ചയ്ക്കും വികാസത്തിനും തടസ്സമാകുന്നുണ്ട്. ഈ സമുദായത്തിന് നീതിപൂർവ്വകമായ പരിഗണന നൽകുവാൻ കാലാകാലങ്ങളിലെ കേന്ദ്ര- സംസ്ഥാന ഭരണസംവിധാനങ്ങൾക്ക് നേതൃത്വം നൽകിയ രാഷ്ട്രീയ കക്ഷികൾ തയ്യാറായിട്ടില്ല. ഈ രാഷ്ട്രീയ അവഗണനയും സമുദായത്തിന്റെ മുഖ്യധാരയിലേക്കുള്ള പ്രവേശനത്തിന് തടസ്സമായി.

പരമ്പരാഗത തൊഴിലാളികളുടെ പ്രാധാന്യവും തൊഴിലിടങ്ങളുടെ സാദ്ധ്യതകളും നഷ്ടമാകുന്നത് ലത്തീൻ സമൂഹം വേദനയോടെയാണ് നോക്കിക്കാണുന്നത്. മത്സ്യത്തൊഴിലാളികൾ, കെട്ടിടനിർമ്മാണ തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ തുടങ്ങി ചെറുകിട സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഇവരൊക്കെ നിലനിൽപ്പിന് വേണ്ടി പൊരുതുന്ന അവസ്ഥയാണ്.

ഇന്ത്യയിലെ പിന്നോക്ക ജനവിഭാഗങ്ങൾക്ക് സാമൂഹിക നീതി നേടുന്നതിന് ഭരണഘടന ഉറപ്പു നൽകിയ പരിരക്ഷയാണ് സംവരണം. എന്നാൽ സംവരണം നടപ്പിലാക്കിയത് ഭരണഘടനാപരമായ ഉറപ്പുകൾ ലംഘിച്ച്, വളരെ വർഷങ്ങൾ കഴിഞ്ഞാണ്. ലത്തീൻ സമുദായം ഉൾപ്പെടെയുള്ള പിന്നോക്ക വിഭാഗങ്ങളുടെ മുഖ്യധാരയിലേക്കുള്ള പ്രവേശനത്തെയാണ് ഇത് തടഞ്ഞത്. സ്വതന്ത്ര ഇന്ത്യ 62 വർഷങ്ങൾ പിന്നിട്ടിട്ടും ലത്തീൻ സമുദായത്തിലെ രണ്ടുപേർക്കുമാത്രമേ കേരളാ ഹൈക്കോടതിയിൽ ജഡ്ജിയായി സേവനമനുഷ്ഠിക്കാൻ സാധിച്ചുള്ളുവെന്ന ഒറ്റ ദൃഷ്ടാന്തം മാത്രം മതി ഈ സമുദായത്തിന് നിഷേധിച്ച അവസര സമത്വത്തെക്കുറിച്ചറിയാൻ.

ഇന്ത്യയുടെ സവിശേഷസാഹചര്യങ്ങളിൽ സാമൂഹിക നീതി കൈവരിക്കുന്ന ഒരു സമൂഹം രൂപപ്പെടുന്നത് രാജ്യത്തെ വിവിധ ജനവിഭാഗങ്ങൾക്ക് രാഷ്ട്രീയനീതി ലഭ്യമാകുമ്പോഴാണ്. ഈ തിരിച്ചറിവാണ് രാഷ്ട്രീയ നീതിയെക്കുറിച്ചുള്ള ചർച്ചകൾക്കും അതിന്റെ അടിസ്ഥാനത്തിലുള്ള അവകാശങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള രേഖയും കെ.ആർ.എൽ.സി.സി. തയ്യാറാക്കിയിട്ടുള്ളത്. സമുദായത്തിന്റെ നീതി പൂർണ്ണമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങളിൽ പങ്കുചേരാൻ ഏവരെയും സാദരം ക്ഷണിക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ 16-ാമത് ജനറൽ ബോഡി യോഗം തിരുവനന്തപുരം ആനിമേഷൻ സെന്ററിൽ വച്ച് ജൂലൈ മാസം 9,10,11 തീയതികളിൽ നടക്കുന്നത്. ജൂലൈ മാസം 11-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് ഒരു ജനകീയ കൺവെൻഷൻ തിരുവനന്തപുരം സെന്റ് ജോസഫ്സ് ഹൈസ്ക്കൂൾ ഓഡിറ്റോറിയത്തിൽ നടക്കുകയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കെ.ആർ.എൽ.സി.സി. സമർപ്പിക്കുന്ന അവകാശ പത്രിക പ്രസ്തുത സമ്മേളനത്തിൽ അവതരിപ്പിക്കുന്നു. **അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ** അദ്ധ്യക്ഷതയിൽ നടക്കുന്ന പ്രസ്തുതയോഗത്തിൽ **കേന്ദ്ര മന്ത്രി, ധനകാര്യമന്ത്രി ശ്രീ. തോമസ് ഐസക്, കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തല,** എന്നിവർ അവകാശ പത്രികയോടുള്ള പ്രതികരണം നൽകുകയും ചെയ്യും. പ്രസ്തുത സമാപന സമ്മേളനത്തിൽ പങ്കെടുക്കാൻ നിങ്ങളേവരെയും സ്വാഗതം ചെയ്യുന്നു.

**ഫാ. തിയോഡേഷ്യസ് ഡിക്രൂസ്**
കൺവീനർ, പബ്ലിസിറ്റി കമ്മിറ്റി

**തോംസൺ ലോറൻസ്,**
**അഗസ്റ്റിൻ കണിപ്പിള്ളി**
സെക്രട്ടറീസ്,പബ്ലിസിറ്റി കമ്മിറ്റി

**ഫാ. തോമസ് നെറ്റോ**
കൺവീനർ പ്രോഗ്രാം കമ്മിറ്റി